**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1966** **16-03-2022 - ൽ മറുപടിയ്ക്ക്**

**മലയാളം നിർബന്ധമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | ഭരണഭാഷ മലയാളമാക്കി സർക്കാർ ഉത്തരവിറക്കിയിട്ടും സെക്രട്ടേറിയറ്റിലെ പല വകുപ്പുകളും ഇപ്പോഴും പുറപ്പെടുവിക്കുന്ന ഉത്തരവുകളും മറ്റും ഇംഗ്ലീഷ് ഭാഷയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ; ഭരണഭാഷ ഉപയോഗിക്കണമെന്ന കർശനമായ ഉത്തരവ് ബന്ധപ്പെട്ട വകുപ്പ് മേലധികാരികൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും, കന്നടയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാ ണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാനപനത്തിനു വിരുദ്ധമായി ഏതെങ്കിലും വകുപ്പുകൾ ഇംഗ്ലീഷ് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം തിരുത്തൽ നടപടികൾ കൈകൊള്ളുന്നതിന് കർശനനിർദ്ദേശം നൽകിവരുന്നുണ്ട്. ഔദ്യോഗികഭാഷ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കണമെന്ന നിയമസഭാസമിതിയുടെ നിർദ്ദേശം കർശനമായി നടപ്പിലാക്കുവാൻ ഔദ്യോഗികഭാഷാ ഉന്നതതല സമിതിയോഗം തീരുമാനിച്ചിട്ടുണ്ട്. ഔദ്യോഗിഭാഷാ സംബന്ധമായ ഉത്തരവുകൾ കർശനമായി പാലിക്കണമെന്നും ഇവ പാലിക്കാത്ത വകുപ്പുതലവൻമാർ, ജില്ലാകളക്ടർമാർ, സെക്രട്ടറിമാർ എന്നിവരെ സംബന്ധിച്ച വിവരം മേൽനടപടികൾക്കായി ചീഫ് സെക്രട്ടറിയ്ക്ക് നല്കേണ്ടതാണെന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ